# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD12/594/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 17/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD12/594/23 തീയ്യതി: 17/04/2023

# പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2021 മുതൽ 15-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പി.എസ്. സാബു | ഡെപ്യൂട്ടി ഡയറക്ടർ. | 16-03-2023 | 24-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-03-2023 | 24-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.യൂ.ബിജു ആന്റണി, ഓഡിറ്റ് ഓഫീസർ,
ശ്രീ. സി.എൽ.പത്മകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി. കെ.ഗീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക  പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. രാജിക.സി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ബിന്ദു ഗോപാൽ | സെക്രട്ടറി | 01-04-2021 | 10-11-2021 |
| ശ്രീ. കെ.രാധാകൃഷ്ണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-11-2021 | 14-11-2021 |
| ശ്രീ.ജയദൈവ് .ബി | സെക്രട്ടറി | 15-11-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി.എൻ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. രാധാകൃഷ്ണൻ. കെ | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. ചിത്രാ ഭാസ്കരൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. ധന്യ എസ്.ഡി | മെഡിക്കൽ ഓഫീസർ (അലോപ്പതി.) | 01-04-2021 | 31-03-2022 |
| ഡോ. അനിൽ .പി. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 21-06-2021 |
| ഡോ. അനിജ എസ്. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 22-06-2021 | 12-12-2021 |
| ഡോ.കൃഷ്ണകുമാർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 13-12-2021 | 31-03-2022 |
| ശ്രീ.ഗോപകുമാർ.എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 16-08-2021 |
| ശ്രീമതി.അംബിക | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17-08-2021 | 31-03-2022 |
| ശ്രീ. ശ്രീകുമാർ . എസ്. | കൃഷി ഓഫീസർ | 01-04-2021 | 28-10-2021 |
| ശ്രീമതി. അമൃത ഉണ്ണി | കൃഷി ഓഫീസർ | 29-10-2021 | 31-03-2022 |
| ധന്യ.കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. കെ.പ്രേംകുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ലൈസൻസ് അനുവദിക്കാതെ ഗ്രാമപഞ്ചായത്തിൽ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു | 1-11 |
| 13 | തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ | 1-12 |
| 14 | ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | 1-12-1 |
| 15 | വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-13 |
| 16 | ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല | 1-13-1 |
| 17 | കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ കളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യണം | 1-13-2 |
| 18 | സഞ്ചയ ഡാറ്റാബേസിലെ എം.എസ്.എം.ഇ കളുടെ വിവരം കൃത്യമല്ല | 1-13-3 |
| 19 | ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല | 1-13-4 |
| 20 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു | 1-13-5 |
| 21 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം | 1-13-6 |
| 22 | പാലിന് ഇൻസെന്റീവ് അധികം നൽകി | 1-14 |
| 23 | എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം സ്രോതസ്സിൽ നിന്നും ജി എസ് ടി ഈടാക്കിയിട്ടില്ല. | 1-15 |
| 24 | ഭവന പുനരുദ്ധാരണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം | 1-16 |
| 25 | ഗാർഹിക ബയോബിൻ നൽകൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല. | 1-17 |
| 26 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം | 1-18 |

| | | |
|---|---|---|
| | ഹാജരാക്കേണ്ടതാണ് | |
| 27 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കാത്തത് | 1-19 |
| 28 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല. | 1-20 |
| 29 | റോഡ് കണക്ടിവിറ്റി മാപ്പ് നിർമാണം- എഗ്രിമെന്റ് വെച്ചിട്ടില്ല. | 1-21 |
| 30 | മരാമത്ത് രേഖകൾ , രജിസ്റ്ററുകൾ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-22 |
| 31 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം -അധികം തുക നൽകിയിരിക്കുന്നു.- ആയത് തിരിച്ചടയ്ക്കേണ്ടതാണ്. | 1-23 |
| 32 | തരിശുഭൂമിയിൽ കൃഷി- സബ്സിഡി തുക അധികം നൽകിയിരിക്കുന്നു. | 1-24 |
| 33 | കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ വാങ്ങിയതിൽ അധികം നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല. | 1-25 |
| 34 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വാങ്ങിയ കട്ടിലുകളിൽ ചിലത് വിതരണം ചെയ്തിട്ടില്ല | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പാലിന് ഇൻസെന്റീവ് അധികം നൽകി. തുക തിരിച്ചടയ്ക്കേണ്ടതാണ്. | 3-1 |
| 2 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം -അധികം തുക നൽകിയത് തിരിച്ചടയ്ക്കേണ്ടതാണ്. | 3-2 |
| 3 | തരിശുഭൂമിയിൽ കൃഷി- സബ്സിഡി തുക അധികം നൽകിയിരിക്കുന്നു. | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1. |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തേക്കുള്ള ബജറ്റ് 20-2-2021 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 11-3-2022തീയതിയിലെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

ബഡ്ജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 29254302 |
| വരവ് | 213995800 |
| ആകെ | 243250102 |
| ചെലവ് | 238425500 |
| നീക്കിബാക്കി | 4824602 |

തൻവർഷത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 13031937.00 |
| വരവ് | 84736419 |
| ആകെ | 97,768,356.00 |
| ചെലവ് | 80905806 |
| നീക്കിയിരിപ്പ് | 16862550 |

യഥാർത്ഥ വരവും ചെലവും ബഡ്ജറ്റിലെ വരവും ചെലവും തമ്മിൽ പ്രകടമായ അന്തരം നിലനിൽക്കുന്നു. ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ട നിർദേശങ്ങളും വിഷയങ്ങളും സംബന്ധിച്ച് നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി 31-12-2020 തീയ്യതിയിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ടെങ്കിലും സീനിയർ വെറ്ററിനറി സർജനും മെഡിക്കൽ ഓഫീസറും മാത്രമാണ് നിർദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്.

യാഥാർത്ഥ്യ ബോധത്തോടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും എല്ലാ ഘടകസ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രൊപ്പോസലുകൾ ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ചെലവുകൾ നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 6-1-2023 | ബാധകമല്ല | ബാധകമല്ല |

വാർഷിക ധനകാര്യപത്രിക സമയബന്ധിതമായി അയച്ചു തരാൻ ശ്രദ്ധിക്കേണ്ടതാണ്

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം സമർപ്പിക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

2.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 13,10,048 /-രൂപയാണ്. (ബ്ലോക്ക് പഞ്ചായത്ത് - 1064321/-രൂപ, ജില്ലാ പഞ്ചായത്ത് - 245727/-രൂപ). RP40(b) പ്രകാരം ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് നീക്കിയിരിപ്പ് 10,00,000/-രൂപ മാത്രമാണ്. ഇപ്രകാരം വ്യത്യാസം വരുവാനുള്ള കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 12-22/03/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13031937.00 |
| വരവ് | 84736419 |
| ആകെ | 97,768,356.00 |
| ചെലവ് | 80905806 |
| നീക്കിയിരിപ്പ് | 16862550 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12466000 | 12466000 | 12466000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7234333 | 7234333 | 7234333 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 27223000 | 27223000 | 21006852 | 6216148 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4853319 | 4853319 | 4759563 | 93756 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Treasury | 0 | 44013 | 44013 | 44001 | 12 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Bank | 0 | 3862000 | 3862000 | 1055720 | 2806280 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)- | 0 | 159673 | 159673 | 159673 | 0 |

| | | | | | |
|---|---|---|---|---|---|
| Treasury | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)-Bank | 0 | 2640137(bank Interest 65137 +2575000) | 2640137 | 2289913 | 350224 |
| ICDS കേന്ദ്രവിഹിതം | 1348920 | 435082 | 1784002 | 443784 | 1340218 |
| TSC | 2811125 | 18270 | 2829395 | 2811125 | 18270 |
| സാക്ഷരത ഗ്രാന്റ് | 0 | 23283 | 23283 | 0 | 23283 |

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 230304 | 5914773 | 6145077 | 6141360 | 3717 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 32592043 | 32592043 | 32592043 | 0 |
| ആകെ | 230304 | 38506816 | 38737120 | 38733403 | 3717 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 77224317 | 209 | 57548569 | 0 | 27 | 89 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതിച്ചെലവുകളുടെ വിവരം:

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 2786620 | 2416220 | 87 |
| വി.ഇ.ഒ | 17 | 16 | 12944986 | 8930459 | 69 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 3726347 | 3472787 | 93 |
| സെക്രട്ടറി | 31 | 25 | 8629463 | 5794456 | 67 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 143 | 125 | 35809838 | 24970144 | 70 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 7 | 2756703 | 2756703 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1300000 | 1150000 | 88 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 6 | 6 | 1185860 | 1154546 | 97 |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 6 | 5 | 4139500 | 3620754 | 87 |
| വെറ്ററിനറി സർജ്ജൻ | 10 | 9 | 3945000 | 3282500 | 83 |
| ആകെ | 236 | 209 | 77224317 | 57548569 | 75 |

അംഗീകാരം ലഭിച്ച 236 പദ്ധതികളിൽ 209 എണ്ണം (89%) ആണ് തൻ വർഷം നടപ്പാക്കി തുക ചെലവഴിച്ചത്. വകയിരുത്തിയ തുകയിൽ 75% മാത്രമാണ് ചെലവഴിക്കാനായത്. പ്രൊജക്റ്റ് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രൊജക്റ്റുകൾ അതാത് വർഷം തന്നെ പൂർത്തീകരിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 230304 | 5914773 | 6145077 | 6141360 | 3717 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 32592043 | 32592043 | 32592043 | 0 |
| ആകെ | 230304 | 38506816 | 38737120 | 38733403 | 3717 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7324800 | 381 |
| വിധവാപെൻഷൻ | 22290100 | 1186 |
| വാർദ്ധക്യകാലപെൻഷൻ | 33985500 | 1958 |
| വികലാംഗപെൻഷൻ | 5904400 | 312 |
| 50വയസിന് മുകളിൽ പ്രായമുള്ള അവിവാഹതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2798400 | 150 |
| വിവാഹത്തിനുള്ള ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-3-2023 ന് സ്ഥാപനത്തിലെ ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തി. 7236/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2022-23വരെ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ്

സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ചില രസീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. 2021-22 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എല്ലാ പേയ്മെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് വെച്ച് ആധികാരികമാക്കി സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് മീറ്റിംഗിന് സകർമ്മ സോഫ്റ്റ്‌വെയറിലൂടെയാണ് മിനുട്ട്സ് തയ്യാറാക്കുന്നത്.പ്രൊക്യൂർമെന്റ്കമ്മിറ്റിയുടെഅംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.09.2022 | 6/2022 മുതൽ 8/2022 വരെ | 12.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-3-2018 മുതൽ 28-3-2018 | 2012-2013 മുതൽ 2016-17 | 20-6-2018 |

## 1-11 ലൈസൻസ് അനുവദിക്കാതെ ഗ്രാമപഞ്ചായത്തിൽ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ശ്രീകൃഷ്ണപുരം, മംഗലാംകുന്ന്, മണ്ണമ്പറ്റ, തലയണക്കാട്, വലമ്പിലിമംഗലം എന്നീ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 3-20/03/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധ വർഷവും പഞ്ചായത്ത്

പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1-12-1 ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

1) ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രേഖയിൽ പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളുടെ പേര് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിലെ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, മണ്ണമ്പറ്റ | 1&2 അർദ്ധ വർഷം |
| 2 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, മംഗലാംകുന്ന് | 1 &2 അർദ്ധ വർഷം |
| 3 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, വലമ്പിലി മംഗലം | 1&2 അർദ്ധ വർഷം |
| 4 | ശ്രീകൃഷ്ണപുരം സർവ്വീസ് സഹകരണ ബാങ്ക്, ചന്തപുര ശാഖ | 1 &2 അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 8/22-03-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

മണ്ണമ്പറ്റ, മംഗലാംകുന്ന്, തലയണക്കാട്, വലമ്പിലി മംഗലം എന്നീ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം 8/22-03-2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരും തൊഴിൽ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി സ്ഥാപനങ്ങളുടെ വിവര ശേഖരണം നടത്തി രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

1-13 വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

വസ്തു നികുതി ഡാറ്റയുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-13-1 ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം.36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015 ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 100/2015 വിജ്ഞാപനം പ്രകാരം താഴെ പറയുന്ന കൂട്ടിച്ചേർക്കലുകൾ ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

| ക്രമ നം. | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോ റിയം, കാന്റീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 3 | മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 5 | റസിഡൻഷ്യൽ ഹോം സ്റ്റേ സ.ഉ(അ)നം.53/2020 /തസ്വഭവ തിയതി 8-9-2020 | 10 | 25 |

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ മേൽ വിജ്ഞാപനം പ്രകാരമുള്ള നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് ബാധകമായ വസ്തുനികുതി

നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖ. 1-11 ൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. (ഓഡിറ്റ് അന്വേഷണം 4-21/03/2023)

വിജ്ഞാപന പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13-2 കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ കളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യണം

പുതിയതായി ആരംഭിക്കുന്ന എം.എസ്.എം.ഇ കളുടെ കാര്യത്തിൽ 2019 ലെ കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട് പ്രകാരം ജില്ലാതലത്തിലുള്ള നോഡൽ ഏജൻസിക്ക് അപേക്ഷ സമർപ്പിച്ച് കൈപ്പറ്റു സാക്ഷ്യപത്രം ലഭ്യമാക്കുകയാണെങ്കിൽ വിവിധ അനുമതികളിൽ നിന്നും പരിശോധനകളിൽ നിന്നും മൂന്നു വർഷം വരെ അവയെ ഒഴിവാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ്, ലൈസൻസ് എന്നിവയിൽ നിന്നും ഇതനുസരിച്ചുള്ള ഒഴിവ് ലഭിക്കുന്നതാണ്. വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ നിമയപ്രകാരം ഒഴിവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ഒരു എം.എസ്.എം.ഇ വ്യവസായ വകുപ്പിന്റെ ഏകജാലക സംവിധാനമായ KSWIFT പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് സാക്ഷ്യപത്രം നേടി പ്രവർത്തിക്കുന്നതായി വ്യവസായ വകുപ്പിലെ താത്കാലിക ഉദ്യോഗസ്ഥ(ഇന്റേൺ)അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര് | യൂണിക്ക് ഐ.ഡി | ഉടമയുടെ പേര് |
|---|---|---|
| ആനവി മാർട്ട്, ശ്രീകൃഷ്ണപുരം 4/275 (സഞ്ചയ ഡാറ്റാ ബേസിൽ പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്) | KLMSME-2598/2023 | ശ്രീജിത്ത് |

ഈ സ്ഥാപനങ്ങളുടെ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 4-21/03/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കെ-സ്വിഫ്റ്റ് പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളെ കണ്ടെത്തി വസ്തു നികുതിയും ജീവനക്കാരുടേയും സ്ഥാപനത്തിന്റേയും തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കുകയും ചെയ്യേണ്ടതാണ്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13-3 സഞ്ചയ ഡാറ്റാബേസിലെ എം.എസ്.എം.ഇ കളുടെ വിവരം കൃത്യമല്ല

സഞ്ചയ ഡാറ്റാബേസിൽ ഗ്രാമപഞ്ചായത്തിൽ എം.എസ്.എം.ഇ ഒന്നും തന്നെ ഉൾപ്പെട്ടിട്ടില്ല. എന്നാൽ വ്യവസായ വകുപ്പിലെ താത്കാലിക ഉദ്യോഗസ്ഥ(ഇന്റേൺ) ഓഡിറ്റിനെ നേരിട്ട് വിവരം അറിയിച്ചതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ ഉത്പാദന മേഖലയിൽ 2 എം.എസ്.എം.ഇ കൾ അടുത്തിടെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടി പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

| പ്രൊജക്ടിന്റെ പേര് | യൂണിക്ക് ഐ.ഡി | ഉടമയുടെ പേര് | വിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീലക്ഷമി റൈസ് & ഫ്ലോർ മിൽ | UDYAM No. KL-10-0016084 | ഇന്ദു രാധാകൃഷ്ണൻ | 11/266 മംഗലാംകുന്ന് |
| ശ്രീഗാർമെന്റ്സ് വുമൻസ് സോൺ | UDYAM No. KL-10-0016679 | ശ്രീലത | 14/246 ഹോസ്പിറ്റൽ ജങ്ഷൻ, ശ്രീകൃഷ്ണപുരം |

സഞ്ചയ ഡാറ്റാ ബേസിൽ എം.എ.സ്.എം.ഇ കളുടെ നിരക്ക് ഉൾപ്പെടുത്തുകയോ കെട്ടിടത്തിനെ ശരിയായ ഉപയോഗക്രമത്തിലേക്ക് മാറ്റം വരുത്തുകയോ ചെയ്തിട്ടില്ല.

എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 4-21/03/2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത സ്ഥാപനങ്ങളുടെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് ആധികാരികത ഉറപ്പാക്കി 2006 ലെ എം.എസ്.ഇം.ഇ ഡെവലപ്മെന്റ് ആക്ട് അനുസരിച്ചുള്ള കാറ്റഗറിയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13-4 ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

എ) ശ്രീകൃഷ്ണപുരം ബി.എസ്.എൻ.എൽ. ഓഫീസ് കോമ്പൗണ്ട്, ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന് സമീപം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കാൻ 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖ.1-14 നിർദ്ദേശിച്ചിരുന്നു. ആയത് പാലിച്ച് കാണുന്നില്ല.

ബി). സർക്കുലർ നമ്പർ 40395/ആർ.സി.2/2014 തസ്വഭവ തീയതി 19-10-2014 പ്രകാരം മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ഡ്രൈവ് നടത്തുവാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചുവരുന്ന മൊബൈൽ ടവറുകൾ ഇല്ല എന്ന് ഉറപ്പാക്കുന്നതിന് സ്പെഷ്യൽ ഡ്രൈവ്/ ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം കൂടി ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 4-21/03/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് ക്രമവത്ക്കരിക്കുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനുമുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-13-5 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു

2013 മുമ്പ് വസ്തുനികുതി നിർണ്ണയിച്ച വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്നതിന് പകരം 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റാ സഞ്ചയയിൽ തുടരുന്നു

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും മേൽ അപാകതകൾ തുടരുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 4-21/03/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ച് ഉറപ്പുവരുത്തി ഡാറ്റയിലെ അപാകം പരിഹരിച്ച് വിവരം

അറിയിക്കേണ്ടതാണ്.

1-13-6 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം

സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടം 2016 വർഷത്തിൽ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുള്ള കെട്ടിടമാണ്.കെട്ടിടം ഒടുവിൽ വസ്തുനികുതി നിർണ്ണയിച്ച ശേഷം ഘടനപരമായി മേൽക്കൂരയിൽ (കോൺക്രീറ്റ്) മാറ്റം വന്നിട്ടുള്ളതുമാണ് . ഫയൽ ഓഡിറ്റ് വേളയിൽ ആവശ്യപ്പെട്ടതിന് അസസ്മെന്റ് രജിസ്റ്റർ മാത്രമാണ് ലഭ്യമാക്കിയത്. ആയതിൽ ഈ കെട്ടിടത്തിന്റെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 30 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 60 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്താത്ത, 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിനെ 100 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| ഉടമയുടെ പേര് | കെട്ടിട നം. / വിസ്തീർണ്ണം | നിലവിലെ നികുതി നിർണ്ണയം | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി |
|---|---|---|---|
| ഹമീദ്, മേലേതിൽ ശ്രീകൃഷ്ണപുരം | 3/750 വിസ്തീർണ്ണം -218.05 | 30* 218.05 = 6541.5<br>ഇളവ് 0% - ഇല്ല<br>വർദ്ധനവ് (വഴിസൗകര്യം)- 20% -1308.3<br>BT- 7850<br>LC- 393<br>Total= 8243/-രൂപ | 60* 218.05 = 13083<br>ഇളവ് 0% - ഇല്ല<br>വർദ്ധനവ് (വഴിസൗകര്യം)- 20% - 2617<br>BT- 15700<br>LC- 785<br>Total = 16485/- രൂപ |
| | | 2021 2ാം അർദ്ധ പകുതി മുതൽ | വ്യത്യാസം - (16485-8243)= 8242/- രൂപ |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 4/21-03-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തി നികുതി നിർണ്ണയിച്ച് കെട്ടിടത്തിന്റെ ഫോം-6 സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-14 പാലിന് ഇൻസെന്റീവ് അധികം നൽകി

പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് -35/22, ക്ഷീരകർഷകർക്ക് ഇൻസെന്റീവ്

അടങ്കൽ-1300000/-(10,00,000-വികസന ഫണ്ട് (പൊതുവിഭാഗം)

+ 150,000-ബ്ലോക്ക് വിഹിതം+ ജില്ലാ പഞ്ചായത്ത് വിഹിതം 150,000)

ചെലവ്-11,50,000/-

നിർവഹണ ഉദ്യാഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ

മേൽ പദ്ധതിയുടെ ഭാഗമായി സബ്സിഡി അനുവദിച്ചതിൽ മംഗലാംകുന്ന് ക്ഷീര സഹകരണ സംഘത്തിലെ സ്വർണ്ണമ്മ എന്ന കർഷകയ്ക്ക് തുക അധികം അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ& തീയതി | ബിൽ തുക | ഗുണ ഭോക്താ വിന്റെ പേര് | ബാങ്ക് അക്കൌണ്ട് നമ്പർ,IFSC കോഡ് | ബെനി ഫിഷറി ലിസ്റ്റിലെ ക്രമ നമ്പർ | പാലിന്റെ അളവ് | അനുവ ദിച്ച തുക @ 3 രൂപ |
|---|---|---|---|---|---|---|---|
| 1 | 03/2021-22 Dtd 17.02.2022 | 188379 | സ്വർണ്ണമ്മ | FDRL0001702 അക്കൌണ്ട് നമ്പർ 170201000 30203 | 34 (Reference To Bill No 2121055200 9901119808) | ആഗസ്റ്റ് 21 9047 ലി @ 2.273 | 20564 |
| 2 | 09/2021-22 Dtd 17.02.2022 | 42133 | „ | „ | 28 Reference To Bill No 2121055200 9901138481) | ആഗസ്റ്റ് 21 9047 ലി @ 0.727= 6577/- സെപ്തംബർ21 19129 ലി @ 1.1 = 21042/- | 27619 |
| | | | | | | ആകെ | 48183 |

ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാലിന്റെ അളവനുസരിച്ച് ലിറ്ററിന് 3 രൂപ നിരക്കിൽ 2021 ഏപ്രിൽ മുതൽ 2022 മാർച്ച് മാസം വരെ ഒരു വ്യക്തിക്ക് പരാമാവധി 40,000/- രൂപ എന്ന പരിധിക്ക് വിധേയമായി ഗുണഭോക്താവിന് നൽകുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ മേൽ കാണിച്ച് ഗുണഭോക്താവിന് 8183/- രൂപ (48183-40,000)അധികം അനുവദിച്ചു. ഓഡിറ്റ് അന്വേഷണം 2-17/03/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നല്കിയ തുക ഗുണഭോക്താവിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

1-15 എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം സ്രോതസ്സിൽ നിന്നും ജി എസ് ടി ഈടാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്റ്റാണ്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 19/22 |
| പ്രോജക്റ്റിന്റെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ |

| | |
|---|---|
| അടങ്കൽ | ₹ 335000 (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | ₹ 215000 (ബിൽ നം.26/28.11.2022)<br>₹ 120000 (ബിൽ നം.32/27.03.2022) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രൊജക്റ്റ് പ്രകാരം പഠനോപകരണം ആർട്കോ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിന് ഭരണസമിതി 28.02.22ലെ തീരുമാനം നം. 1(7) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ /തീയ്യതി | തുക | എണ്ണം | ആകെ |
|---|---|---|---|
| 197/13.01.22 | | | |
| മേശ | 3478 | 43 | 149554.00 |
| കസേര | 759 | 43 | 32637.00 |
| ആകെ | | | 182191.00 |
| CGST | | | 16397 |
| SGST | | | 16397 |
| TOTAL (Round Off) | | | 215000 |

| ഇൻവോയ്സ് നമ്പർ /തീയ്യതി | തുക | എണ്ണം | ആകെ |
|---|---|---|---|
| 540/24.03.22 | | | |
| മേശ | 3478 | 24 | 83472.00 |
| കസേര | 759 | 24 | 18216.00 |
| ആകെ | | | 101688.00 |
| CGST | | | 9151 |
| SGST | | | 9151 |
| TOTAL (Round Off) | | | 120000 |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി,ഡി,എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS ( TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എസ് സി

വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ പ്രൊജക്റ്റ് പ്രകാരം ആർട്ട്കോയിൽ (Artisans Development Co-Operative LTD) നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞ വാങ്ങലുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്താതെ സപ്ലൈയർക്ക് തുക അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (നം.11/22.03.23) ഭാവിയിൽ വരുന്ന എല്ലാ പർച്ചേസുകൾക്കും ടി.ഡി. എസ് ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-16 ഭവന പുനരുദ്ധാരണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം

2021-22 വർഷത്തെ ഭവന പുനരുദ്ധാരണം പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ നിന്നും ആദ്യഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ പലരും ഇതുവരെയായി പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ലെന്ന് വ്യക്തമായി. പദ്ധതിയുടെ വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു. ജനറൽ, എസ്.സി, എന്നീ വിഭാഗങ്ങളിലായി ആകെ 2 പേർ പുനരുദ്ധാരണം പൂർത്തിയാക്കാനുണ്ട്.

എ)ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്തവർ-(ജനറൽ)

പ്രൊജക്ട് നം.166/22 (SO)

അടങ്കൽ- 1025000

ചെലവ്- 1000000

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യഗഡു കൈപ്പറ്റിയ തീയതി | നാളിതുവരെ അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | ലക്ഷ്മി മാമ്പള്ളിക്കളം | 11.01.21 | 12500 | 12500 |

ബി) എസ്.സി വിഭാഗം- ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്തവർ

പ്രൊജക്ട് നം.167/22 (SO)

അടങ്കൽ- 147518

ചെലവ് - 122518

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യഗഡു കൈപ്പറ്റിയ തീയതി | നാളിതുവരെ അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | നീലി പുഴയ്ക്കൽതൊടി | 11.01.21 | 12500 | 12500 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണ പൂർത്തീകരണത്തിന്റെ നിലവിലെ സ്ഥിതി ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.13/22.03.23) നീലി എന്ന ഗുണഭോക്താവ് അഡ്വാൻസ് തുക കൈപ്പറ്റിയതിന് ശേഷം മരണപ്പെട്ടുവെന്നും നിലവിൽ അവകാശിയായ മകൻ പ്രസ്തുത പ്രവർത്തി പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കി തുക നൽകുമെന്നും ലക്ഷ്മി എന്ന ഗുണഭോക്താവ് നിലവിൽ പ്രവർത്തി പൂർത്തികരിച്ചുവെന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കി തുക നൽകുമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-17 ഗാർഹിക ബയോബിൻ നൽകൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രൊജക്ടാണിത്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 286/22 |
| പ്രോജക്ടിന്റെ പേര് | ഗാർഹിക ബയോബിൻ നൽകൽ ജനറൽ |
| അടങ്കൽ ₹ 430200 | ₹ 386200 (വികസന ഫണ്ട് - ധനകാര്യക്കമ്മീഷൻ)<br>₹ 980 (തനത്ഫണ്ട്)<br>₹ 43020 (ഗുണഭോക്തൃവിഹിതം) |
| ചെലവ് ₹ 430200 | ₹ 386200 (ചെക്ക് നം.22100547/30.03.2022)<br>₹ 980 (ചെക്ക് നം.3652876/30.03.2022))<br>₹ 43020 (ചെക്ക് നം.3652876/30.03.2022) |
| നിർവഹണ ഉദ്യോഗസ്ഥ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മേൽ പ്രൊജക്ട് പ്രകാരം 239 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് IRTC മുണ്ടൂർ എന്ന സ്ഥാപനത്തിൽ നിന്ന് 1800 രൂപ നിരക്കിൽ ഗാർഹിക ബയോബിൻ വാങ്ങുന്നത് ഭരണസമിതിയുടെ 28.02.22ലെ തീരുമാനം നം. 1(2) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ /തീയ്യതി | തുക | എണ്ണം | ആകെ |
|---|---|---|---|
| B2B179/20.07.22 | | | |
| ബയോബിൻ | 1607.14 | 239 | 384106.46 |
| ആകെ | | | 384106.46 |
| CGST | | | 23046.39 |
| SGST | | | 23046.39 |
| TOTAL (Round Off) | | | 430200 |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി,ഡി,എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS ( TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ഗാർഹിക ബയോബിൻ നൽകൽ പ്രൊജക്റ്റ് പ്രകാരം IRTC മുണ്ടൂർ നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞ

വാങ്ങലുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്താതെ സപ്ലെയർക്ക് തുക അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.10/22.03.23) ഭാവിയിലുള്ള വാങ്ങലുകളിൽ നിയമാനുസൃതമായ ടി.ഡി. എസ് കിഴിവ് നടത്തിയെ തുക അനുവദിക്കുകയുള്ളൂവെന്ന് മറുപടി നൽകിയിട്ടുണ്ട്.

1-18 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

പ്രോജക്റ്റ് നമ്പർ -178/22

അടങ്കൽ- 175000/-രൂപ (വികസനഫണ്ട് ,പൊതുവിഭാഗം)

ചെലവ്- 175000/-രൂപ ( ബിൽ നമ്പർ P2-21-22 Cap Spill Overതീയതി 27.07.2021)

പ്രോജക്റ്റ് ലക്ഷ്യം :- മൃഗാശുപത്രിയിൽ കന്നുകുട്ടി ജനനരജിസ്റ്ററിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 4 മുതൽ 6 മാസം പ്രായമായ പശുകുട്ടികളെ ആദ്യ പ്രസവം വരെയോ 28 മാസം വരെയോ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നല്കി വളർത്തുന്ന പരിപാടി. തദ്ദേശസ്വയംഭരണ പദ്ധതി വിഹിതം ഒരു പശുകുട്ടിക്ക് 12500/- രൂപയും ഗുണഭോക്തൃവിഹിതം 12500/- രൂപയുമാണ്. 14 കന്നുകുട്ടികൾക്ക് പദ്ധതി നിർവ്വഹണത്തിന് വേണ്ട തദ്ദേശസ്വയംഭരണ പദ്ധതി വിഹിതം 175000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ കന്നുകുട്ടി പരിപാലന പദ്ധതി അസിസ്റ്റന്റ് ഡയറക്ടർക്ക് നല്കുന്നു. 175000/-രൂപ ഗുണഭോക്താക്കൾ വഹിക്കേണ്ടതാണ്.

പ്രോജക്റ്റ് നമ്പർ -118/22

അടങ്കൽ- 312500/-രൂപ (വികസനഫണ്ട് ,പൊതുവിഭാഗം)

ചെലവ്- 312500/-രൂപ ( ബിൽ നമ്പർ P11-21-22 Cap തീയതി 03.02.2022)

പ്രോജക്റ്റ് ലക്ഷ്യം :- മൃഗാശുപത്രിയിൽ കന്നുകുട്ടി ജനനരജിസ്റ്ററിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 4 മുതൽ 6 മാസം പ്രായമായ പശുകുട്ടികളെ ആദ്യ പ്രസവം വരെയോ 28 മാസം വരെയോ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നല്കി വളർത്തുന്ന പരിപാടി. തദ്ദേശസ്വയംഭരണ പദ്ധതി വിഹിതം ഒരു പശുകുട്ടിക്ക് 6250/- രൂപയും അതു കൂടാതെ സംസ്ഥാന വിഹിതമായ 6250 *രൂപയും അടക്കം ആകെ* 12500/ രൂപയും ഗുണഭോക്തൃവിഹിതം 12500/- രൂപയുമാണ്. 50 കന്നുകുട്ടികൾക്ക് പദ്ധതി നിർവ്വഹണത്തിന് വേണ്ട തദ്ദേശസ്വയംഭരണ പദ്ധതി വിഹിതം 312500/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ കന്നുകുട്ടി പരിപാലന പദ്ധതി അസിസ്റ്റന്റ് ഡയറക്ടർക്ക് നല്കുന്നു. 625000/-രൂപ ഗുണഭോക്താക്കൾ വഹിക്കേണ്ടതാണ്.

മേൽ ബില്ലുകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് വിഹിതം, പാലക്കാട് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക്(714021400000008) കൈമാറിയിട്ടുണ്ട്. മേൽ പ്രോജക്ടുകൾ പ്രകാരം കാലിത്തീറ്റ വിതരണം ചെയ്തതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.15/23.03.23) നിലവിൽ കന്നുകുട്ടി പരിപാലനം പൂർത്തിയായിട്ടില്ലെന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് അസിസ്റ്റന്റ് ഡയറക്ടറുടെ പക്കൽ നിന്നും ധന വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

1-19 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കാത്തത്

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് നം. | 5/22 |
| അടങ്കൽ | 1,00,000/-<br>(റോഡിതര മെയിന്റനൻസ് |

| | |
|---|---|
| | ഫണ്ട്) |
| ചെലവ് | 1,00,000/- |
| ബിൽ നം./തീയതി | 23/22 15.02.22, തുക-1,00,000 |

മരുന്നുകൾ ലഭ്യമാക്കുവാനായി 1,00,000/- രൂപ ആലപ്പുഴയിലെ ഹോംകോ ഫാർമസിയുടെ അക്കൌണ്ട് നം.34306403911 ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക കൈപ്പറ്റിയതിനുള്ള ഹോംകോ ആലപ്പുഴയുടെ രശീത് ലഭ്യമാക്കിയിട്ടില്ല. 1,00,000/- രൂപയുടെ മരുന്നിൽ 57135 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. 42865 രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കാനുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.16/24.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-20 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല.

ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് ഇനത്തിൽ അസി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരുന്ന തുകകൾ പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അസി. എൻജിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/16 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി.എൻജിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 37249960373-SBI) 31-3-2022ൽ ബാലൻസുള്ള 117679/-രൂ. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല. സാമ്പത്തിക വർഷം അവസാനിച്ചിട്ടും ടി ബാക്കി തുക തനത് ഫണ്ടിലേക്ക് കൈമാറാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. 31-3-2022 ന് ശേഷം ടി ഇനത്തിൽ വരവ് ഉണ്ടായ തുകകളും (12-3-2023വരെ ആകെ നീക്കിയിരുപ്പ് 195506രൂ.) ഇതുവരെ തനതുഫണ്ടിലേക്ക് അടവാക്കിയിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 31-3-2022 വരെ ഫീസ് ഇനത്തിൽ ലഭ്യമായ തുക 117679/-രൂപയ്ക്കുള്ള ചെക്ക് 16-3-2023 തീയ്യതിയിൽ സെക്രട്ടറിക്ക് നൽകിയിട്ടുണ്ടെന്നും ടി ഇനത്തിൽ അക്കൗണ്ടിൽ ബാക്കിയുള്ള തുകകൾ ഉടൻതന്നെ തനത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കാം എന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-21 റോഡ് കണക്ടിവിറ്റി മാപ്പ് നിർമാണം- എഗ്രിമെന്റ് വെച്ചിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹിച്ചിട്ടുള്ള താഴെ പറയുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | റോഡ് കണക്ടിവിറ്റി മാപ്പ് നിർമാണം . |
| ചെലവ് | 10500രൂ. (ചെക്ക് നം.76765/31-3-22- Service Co.op.Bank-A/c No. 919). |
| ഫണ്ടിനം | തനത് ഫണ്ട് |
| തുക കൈപ്പറ്റിയ ആൾ | ശ്രീ. അജിത്ത്.യു, ശ്രീ.കൃഷ്ണദാസ് .എം |

ഇതു സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

--- ടി പ്രവൃത്തിക്ക് തുക കൈപ്പറ്റിയവരുമായി ചമച്ചിട്ടുള്ള എഗ്രിമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

---- ടി പ്രവൃത്തിയിൽ ഉണ്ടാക്കിയിട്ടുള്ള ഉത്പന്നം/രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/22-3-2023) ലഭ്യമാക്കിയ മറുപടിയിൽ റോഡ് കണക്ടിവിറ്റി മാപ്പിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ നിർവ്വഹിച്ച് വെറ്റിംഗിനായി അയച്ചിരിക്കയാണെന്നും ആയത് ലഭ്യമായാൽ പരിശോധനയ്ക്ക് സമർപ്പിക്കാമെന്നും അറിയിച്ചിട്ടുണ്ട്. തുടർപ്രവർത്തനങ്ങൾ അറിയിക്കേണ്ടതാണ്.

1-22 മരാമത്ത് രേഖകൾ , രജിസ്റ്ററുകൾ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന രേഖകൾ, രജിസ്റ്ററുകൾ എന്നിവ കാലികമാക്കിയിട്ടില്ല/സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) തൻവർഷം നടത്തിയിട്ടുള്ള പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ള എം.ബുക്കുകളുടെ സ്റ്റോക്ക് റജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) ടെണ്ടർ ഷെഡ്യൂളുകളുടെ സ്റ്റോക്ക് റജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) റോഡ് റജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/22-3-2023)ആയവ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 വയോജനങ്ങൾക്ക് കട്ടിൽ വിതരണം -അധികം തുക നൽകിയിരിക്കുന്നു.- ആയത് തിരിച്ചടയ്ക്കേണ്ടതാണ്.

വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ) എന്ന പ്രോജക്ടിൽ തുക അധികം നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | SO 164/22- വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ) |
| അടങ്കൽ | 317477 (വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 317477 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ബിൽ വിവരങ്ങൾ | നം. 3/15-6-21, Rs. 317477 |

73ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം നടത്തുന്നതിന് ആർട്ടോകോയെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനത്തിൽ നിന്ന് 22-7-2020ന് ലഭിച്ച നം. 2112 പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ഒരു കട്ടിലിന് 4340രൂ. നിരക്കിൽ നൽകാമെന്ന് അറിയിക്കുകയും തുടർന്ന് എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കട്ടിലുകൾ വിതരണം നടത്തിയപ്പോൾ ഇതിൽ നിന്നും വ്യത്യസ്തമായ വിലയ്ക്ക് നൽകുകയും താഴെസൂചിപ്പിക്കും പ്രകാരം പഞ്ചായത്തിന് നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 73 കട്ടിലുകൾക്ക് ആകെ വില | 316820 |
| ക്യാഷ് ബിൽ പ്രകാരം 73 കട്ടിലുകൾക്ക് നൽകിയ ആകെ വില | 317477 |
| അധികം നൽകിയ തുക | 657രൂ. |

കൂടാതെ ടി പ്രോജക്ടിൽ താഴെ സൂചിപ്പിക്കുന്ന അപാകതകളും കാണുന്നു.

1) സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് ഇല്ലെങ്കിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയതായി കാണുന്നില്ല.

2) സ.ഉ (ആർ.ടി) നം.1/2021/SPD തി. 05-01-2021 പ്രകാരം ആർട്കോയിൽ നിന്നും നേരിട്ട് ഫർണീച്ചറുകൾ വാങ്ങുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിലെ ഖണ്ഡിക 4 ൽ വാങ്ങൽ നടത്തുന്ന കാലയളവിൽ സ്ഥാപനത്തിന്റെ റേറ്റ് കോൺട്രാക്ട് നിലവിലുണ്ടെന്ന് വാങ്ങൽ നടത്തുന്ന ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തണമെന്നും വാങ്ങുന്ന ഇനം ARTCO നിർമ്മിച്ചതാണെന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നും റേറ്റ് കോൺട്രാക്ട് അനുവദിച്ചിട്ടുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരം ക്വട്ടേഷൻ/ടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്നും പ്രസ്തുത ടെണ്ടറിൽ ആർട്കോയ്ക്കും പങ്കെടുക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ ടി പ്രോജക്ടിൽ നടത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/22-3-2023) അധികം നൽകിയ തുക തിരിച്ചടയ്ക്കാം എന്ന് അറിയിച്ചിട്ടുണ്ട്. തുടർന്നുള്ള പർച്ചേയ്സുകളിൽ സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്. അധികം നൽകിയ തുക 657/-രൂ. ഉത്തരവാദിയായ ഐ.സി.ഡി.സി. സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വിശദമായ ഖണ്ഡിക ഭാഗം 3-2 ൽ ചേർത്തിട്ടുണ്ട്.

### 1-24 തരിശുഭൂമിയിൽ കൃഷി- സബ്സിഡി തുക അധികം നൽകിയിരിക്കുന്നു.

തരിശുഭൂമിയിൽ കൃഷി എന്ന പ്രോജക്ടിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അധികം നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | SO 175/22- സുഭിക്ഷ കേരളം – തരിശു ഭൂമിയിൽ കൃഷി |
| അടങ്കൽ | 34750 (32250- വികസന ഫണ്ട് (ജനറൽ),<br>2500 -ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 32250 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ബിൽ വിവരങ്ങൾ | നം. 1/23-7-21, Rs. 32250 |

സ.ഉ. (സാധാ) നം.1009/2020/ ത.സ്വ.ഭ.വ, തീയ്യതി. 29-5-2020പ്രകാരം തരിശ് കൃഷിക്ക് അനുവദിക്കാവുന്ന ധനസഹായം നെൽകൃഷിക്ക് ഹെക്ടറിന് 35000രൂ. ആണ്. (പാട്ടകൃഷിയുടെ

കാര്യത്തിൽ കർഷകന് 35000+ സ്ഥലം ഉടമക്ക് 5000) . മേൽ സൂചിപ്പിച്ച പ്രോജക്ടിൽ കർഷകർക്ക് സബ്സിഡി തുക അധികം നൽകിയിരിക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൃഷി ഭൂമി സ്വന്തം /പാട്ടം | കൃഷിഭൂമിയുടെ അളവ് | അനുവദനീയമായ തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|
| കുഞ്ഞിലക്ഷ്മി | സ്വന്തം | 45 Cent | 6300 | 7200 | 900 |
| വെങ്കിടേശ്വരൻ | സ്വന്തം | 30 Cent. | 4200 | 4800 | 600 |
| പാർവ്വതി | സ്വന്തം | 25 Cent. | 3500 | 4000 | 500 |
| കുഞ്ഞുകുട്ടൻ.ടി | സ്വന്തം | 45 Cent | 6300 | 7200 | 900 |
| ആകെ | | | | | 2900 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/21-3-2023) ലഭ്യമാക്കിയ മറുപടിയിൽ കൃഷി പ്രോത്സാഹനത്തിന് വേണ്ടി സ്വന്തമായി കൃഷിഭൂമിയുള്ളവർക്കും പാട്ടത്തിന് കൃഷി നടത്തുന്നവർക്ക് നൽകുന്ന അതേ നിരക്കിൽ തുക നൽകി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ അധികം നൽകിയ 2900രൂ. ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ഭാഗം 3-3 ൽ ചേർത്തിട്ടുണ്ട്.

കൂടാതെ ടി പ്രോജക്ടിൽ സബ്സിഡി മാർഗരേഖപ്രകാരം നിശ്ചയിച്ചിട്ടുള്ള താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടില്ല.

ഗുണഭോക്താക്കളുടെ സ്ഥലങ്ങൾ തരിശുഭൂമിയാണെന്ന് കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ ഒഴിവാക്കി പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-25 കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ വാങ്ങിയതിൽ അധികം നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല.

കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ വാങ്ങിയതിൽ കെൽട്രോണിൽ നിന്നും തിരിച്ച് കിട്ടാനുള്ള തുക ഇതുവരെ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം., പേര് | നം. 53/22- കൃഷി ഭവനിലേക്ക് കമ്പൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ |
| അടങ്കൽ | 50022 |
| ചെലവ് | 30004 (കമ്പ്യൂട്ടർ)+20018(പ്രിന്റർ)=50022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ബിൽ വിവരങ്ങൾ | നം. 5/29-10-21, 30004രൂ.<br>നം. 12/17-2-2022, 20018 രൂ. |

വാങ്ങിയ കമ്പ്യൂട്ടറിന് കെൽട്രോൺ ലഭ്യമാക്കിയ ഇ-വേ ബിൽ പ്രകാരം 28849രൂ. ആണ് ആകെവില രേഖപ്പെടുത്തിയിട്ടുള്ളത്. മുൻകൂറായി നൽകിയ 30004രൂപയിൽ അധികം നൽകിയ 1155രൂ. തിരികെ ലഭിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/21-3-2023) ലഭ്യമാക്കിയ മറുപടിയിൽ കമ്പ്യൂട്ടറുകളുടെ വിലയിൽ കുറവ് സംഭവിച്ചതിനാൽ ഇപ്രകാരം സംഭവിച്ചു എന്നും അധികം നൽകിയ തുക ലഭ്യമാക്കുന്നതിനായി Keltron ലേക്ക് കത്തുകൾ അയച്ചിട്ടുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ടി തുക ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വാങ്ങിയ കട്ടിലുകളിൽ ചിലത് വിതരണം ചെയ്തിട്ടില്ല

വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ) എന്ന പ്രോജക്ടിൽ വാങ്ങിയ കട്ടിലുകളിൽ ചിലത് വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | SO 164/22- വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ) |
| അടങ്കൽ | 317477 (വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 317477 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ബിൽ വിവരങ്ങൾ | നം. 3/15-6-21, Rs. 317477 |

73 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം നടത്തുന്നതിന് ആർട്ടോകോയെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനത്തിൽ നിന്ന് 22-7-2020ന് ലഭിച്ച നം. 2112 പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ഒരു കട്ടിലിന് 4340രൂ. നിരക്കിൽ നൽകാമെന്ന് അറിയിക്കുകയും എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കട്ടിലുകൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

എന്നാൽ കട്ടിലുകൾ വിതരണം നടത്തിയ രജിസ്റ്റർ പ്രകാരം 70 പേർക്കാണ് നൽകിയിട്ടുള്ളത്. ഗുണഭോക്തലിസ്റ്റിൽ ഉൾപ്പെട്ട 3 പേർക്ക് വിതരണം നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(6/22-3-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിന് ഇൻസെന്റീവ് അധികം നൽകി. തുക തിരിച്ചടയ്ക്കേണ്ടതാണ്.

പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിന്റെ പേര് -35/22, ക്ഷീരകർഷകർക്ക് ഇൻസെന്റീവ്

അടങ്കൽ-1300000/-(10,00,000-വികസന ഫണ്ട് (പൊതുവിഭാഗം)
+ 150,000-ബ്ലോക്ക് വിഹിതം+ ജില്ലാ പഞ്ചായത്ത് വിഹിതം 150,000)

ചെലവ്-11,50,000/-

നിർവഹണ ഉദ്യാഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ

മേൽ പദ്ധതിയുടെ ഭാഗമായി സബ്സിഡി അനുവദിച്ചതിൽ മംഗലാംകുന്ന് ക്ഷീര സഹകരണ സംഘത്തിലെ സ്വർണ്ണമ്മ എന്ന കർഷകയ്ക്ക് തുക അധികം അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ & തീയതി | ബിൽ തുക | ഗുണ ഭോക്താവിന്റെ പേര് | ബാങ്ക് അക്കൌണ്ട് നമ്പർ, IFSC കോഡ് | ബെനിഫിഷറി ലിസ്റ്റിലെ ക്രമ നമ്പർ | പാലിന്റെ അളവ് | അനുവദിച്ച തുക @ 3 രൂപ |
|---|---|---|---|---|---|---|---|
| 1 | 03/2021-22 Dtd 17.02.2022 | 188379 | സ്വർണ്ണമ്മ | FDRL0001702 അക്കൌണ്ട് നമ്പർ 17020100030203 | 34 (Reference To Bill No 21210552009901119808) | ആഗസ്റ്റ് 21 9047 ലി @ 2.273 | 20564 |
| 2 | 09/2021-22 Dtd 17.02.2022 | 42133 | ,, | ,, | 28 Reference To Bill No 21210552009901138481) | ആഗസ്റ്റ് 21 9047 ലി @ 0.727= 6577/- സെപ്തംബർ21 19129 ലി @ 1.1 = 21042/- | 27619 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ആകെ | 48183 |

ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാലിന്റെ അളവനുസരിച്ച് ലിറ്ററിന് 3 രൂപ നിരക്കിൽ 2021 ഏപ്രിൽ മുതൽ 2022 മാർച്ച് മാസം വരെ ഒരു വ്യക്തിക്ക് പരാമാവധി 40,000/- രൂപ എന്ന പരിധിക്ക് വിധേയമായി ഗുണഭോക്താവിന് നൽകുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ മേൽ കാണിച്ച ഗുണഭോക്താവിന് 8183/- രൂപ (48183-40000) അധികം അനുവദിച്ചു. ഓഡിറ്റ് അന്വേഷണം 2-17/03/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നല്കിയ തുക ഗുണഭോക്താവിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

3-2 വയോജനങ്ങൾക്ക് കട്ടിൽ വിതരണം -അധികം തുക നൽകിയത് തിരിച്ചടയ്ക്കേണ്ടതാണ്.

വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ) എന്ന പ്രോജക്ടിൽ തുക അധികം നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | SO 164/22- വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ) |
| അടങ്കൽ | 317477 (വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 317477 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ബിൽ വിവരങ്ങൾ | നം. 3/15-6-21, Rs. 317477 |

73 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം നടത്തുന്നതിന് ആർട്ടോകോയെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനത്തിൽ നിന്ന് 22-7-2020ന് ലഭിച്ച നം. 2112 പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ഒരു കട്ടിലിന് 4340രൂ. നിരക്കിൽ നൽകാമെന്ന് അറിയിക്കുകയും തുടർന്ന് എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കട്ടിലുകൾ വിതരണം നടത്തിയപ്പോൾ ഇതിൽ നിന്നും വ്യത്യസ്തമായ വിലയ്ക്ക് നൽകുകയും താഴെ സൂചിപ്പിക്കും പ്രകാരം പഞ്ചായത്തിന് നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 73 കട്ടിലുകൾക്ക് ആകെ വില | 316820 |
| ക്യാഷ് ബിൽ പ്രകാരം 73 കട്ടിലുകൾക്ക് നൽകിയ ആകെ വില | 317477 |
| അധികം നൽകിയ തുക | 657രൂ. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/22-3-2023) അധികം നൽകിയ തുക തിരിച്ചടയ്ക്കാം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട. ആയതിനാൽ അധികം നൽകിയ തുക 657രൂ ഉത്തരവാദിയായ ഐ.സി.ഡി.സി. സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-3 തരിശുഭൂമിയിൽ കൃഷി- സബ്സിഡി തുക അധികം നൽകിയിരിക്കുന്നു.

തരിശുഭൂമിയിൽ കൃഷി എന്ന പ്രോജക്ടിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അധികം നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | SO 175/22- സുഭിക്ഷ കേരളം – തരിശു ഭൂമിയിൽ കൃഷി |
| അടങ്കൽ | 34750 (32250- വികസന ഫണ്ട് |

| | |
|---|---|
| | (ജനറൽ),<br>2500 -ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 32250 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ബിൽ വിവരങ്ങൾ | നം. 1/23-7-21, Rs. 32250 |

സ.ഉ. (സാധാ) നം.1009/2020/ത.സ്വ.ഭ.വ, തീയ്യതി. 29-5-2020പ്രകാരം തരിശ് കൃഷിക്ക് അനുവദിക്കാവുന്ന ധനസഹായം നെൽകൃഷിക്ക് ഹെക്ടറിന് 35000രൂ. ആണ്. (പാട്ടകൃഷിയുടെ കാര്യത്തിൽ കർഷകന് 35000+ സ്ഥലം ഉടമയക്ക്5000) . മേൽ സൂചിപ്പിച്ച പ്രോജക്ടിൽ കർഷകർക്ക് സബ്സിഡി തുക അധികം നൽകിയിരിക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൃഷി ഭൂമി സ്വന്തം /പാട്ടം | കൃഷിഭൂമിയുടെ അളവ് | അനുവദനീയമായ തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|
| കുഞ്ഞിലക്ഷ്മി | സ്വന്തം | 45 Cent | 6300 | 7200 | 900 |
| വെങ്കിടേശ്വരൻ | സ്വന്തം | 30 Cent. | 4200 | 4800 | 600 |
| പാർവ്വതി | സ്വന്തം | 25 Cent. | 3500 | 4000 | 500 |
| കുഞ്ഞുകുട്ടൻ.ടി | സ്വന്തം | 45 Cent | 6300 | 7200 | 900 |
| ആകെ | | | | | 2900 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/21-3-2023) ലഭ്യമാക്കിയ മറുപടിയിൽ കൃഷി പ്രോത്സാഹനത്തിന് വേണ്ടി സ്വന്തമായി കൃഷിഭൂമിയുള്ളവർക്കും പാട്ടത്തിന് കൃഷി നടത്തുന്നവർക്ക് നൽകുന്ന അതേ നിരക്കിൽ തുക നൽകി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ അധികം നൽകിയ 2900രൂ. ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 16.03.2023 മുതൽ 24.03.2023 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 364321 | ലൈഫ് ഭവന പദ്ധതി (ജനറൽ) | - | 364321 |
| | 2020-21 | 700000 | ലൈഫ് ഭവന | - | 700000 |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി | | |
| | 2021-22 | 300000 | പ്രോജക്ട് നം 14/22നെൽകൃഷി വികസനം | 300000 | 0 |
| | | 281207 | പ്രോജക്ട് നം 283/22 ലൈഫ് മിഷൻ (എസ്.സി.പി) | 281207 | 0 |
| | | 150000 | പ്രോജക്ട് നം 67/22 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ആകെ | | 1795528 | | 731207 | 1064321 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2019-20 | 245727 | ലൈഫ് മിഷൻ (എസ്.സി.പി) | . | 245727 |
| | 2021-22 | 328600 | പ്രോജക്ട് നം 14/22നെൽകൃഷി വികസനം | 328600 | 0 |
| | | 150000 | പ്രോജക്ട് നം 35/22 ക്ഷീര കർഷകർക്ക് ഇൻസെന്റീവ് (ജനറൽ) | 150000 | 0 |
| ആകെ | | 724327 | | 478600 | 245727 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷത്തിൽ യാതൊരു നിക്ഷേപ പ്രവൃത്തിയും നടന്നിട്ടില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ പുതിയ വരവില്ല.. മുൻബാക്കി 4199301/- രൂപയാണ്. 762667/- തിരിച്ചടച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | G.O(MS) 68/2018 /18-5-18 | 5883340 | 4199301 | 762667 | 0 | 3436634 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (155618 രൂപ പലിശ ഉൾപ്പടെ) | 1155618 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ശ്രീകൃഷ്ണപുരം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 23-3-2022 | 1 Year | 577809 | |
| 2 | ശ്രീകൃഷ്ണപുരം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 23-3-2022 | 1 Year | 577809 | |
| ആകെ | | | | 1155618 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1200/-രൂപയുടെ വിവരം ചുവടെ കൊടുക്കുന്നു.

2018-2019 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-11 ബി തൊഴിൽ നികുതി രജിസ്റ്ററിലെ ഡിമാന്റ് നം.54 പ്രകാരമുള്ള തുക 1200/- 11.02.2022 തീയതിയിലെ 1210103835രശീതി പ്രകാരം അടവാക്കിയിട്ടുണ്ട്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നുമില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 13031937 |
| ഓഡിറ്റ് വർഷത്തെ വരവ് | 84736419 |

| | |
|---|---|
| ആകെ | 97,768,356 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 80905806 |
| നീക്കിയിരിപ്പ് | 16862550 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11740രൂ. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8183 രൂ | ശ്രീമതി. ധന്യ.കെ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-2 | | 657രൂ | ശ്രീമതി. ചിത്രാ ഭാസ്കരൻ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-3 | | 2900 രൂ | ശ്രീ. ശ്രീകുമാർ.എസ്. കൃഷി ഓഫീസർ |
| ആകെ | | 11740രൂ. | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക- ഇല്ല.

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ചിത്രാ ഭാസ്കരൻ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്. | മലയൻ വീട് പെരിങ്ങൽ കുത്ത് പോസ്റ്റ് തൃശ്ശൂർ |
| ശ്രീ. ശ്രീകുമാർ.എസ്. കൃഷി ഓഫീസർ | എ.ഡി.എ. സ്റ്റേറ്റ് സീഡ് ഫാം , അനങ്ങനടി | കൊല്ലം – പുനലൂർ, എലമ്പാൾ ആരമ്പുന്ന കലാഭവൻ, 691322 |
| ശ്രീമതി. ധന്യ.കെ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്. | പടിപ്പുരയ്ക്കൽ വീട് , കാറൽമണ്ണ, ചെർപ്പുളശ്ശേരി. പാലക്കാട് |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1997-98 | കെ.എസ്.എ-പി.കെ.ഡി-12/499/22 തീയതി 23.11.22 അദാലത്ത് | ഇല്ല |
| 1998-99 | കെ.എസ്.എ-പി.കെ.ഡി-12/499/22 തീയതി 23.11.22 അദാലത്ത് | ഇല്ല |
| 1999-00 | കെ.എസ്.എ-പി.കെ.ഡി-12/530/22 തീയതി 23.11.22 അദാലത്ത് | ഇല്ല |
| 2000-01 | കെ.എസ്.എ-പി.കെ.ഡി-12/522/22 തീയതി 22.11.22 അദാലത്ത് | 1 |
| 2001-02 | കെ.എസ്.എ-പി.കെ.ഡി-12/528/22 തീയതി 22.11.22 അദാലത്ത് | 1 |

| | | |
|---|---|---|
| 2002-03 | കെ.എസ്.എ-പി.കെ.ഡി-12/528/22 തീയതി 23.11.22 അദാലത്ത് | ഇല്ല |
| 2003-04 | കെ.എസ്.എ-പി.കെ.ഡി-12/529/22 തീയതി 23.11.22 അദാലത്ത് | 1 |
| 2004-05 | കെ.എസ്.എ-പി.കെ.ഡി-12/529/22 തീയതി 23.11.22 അദാലത്ത് | ഇല്ല |
| 2005-06 | കെ.എസ്.എ-പി.കെ.ഡി-12/529/22 തീയതി 23.11.22 അദാലത്ത് | ഇല്ല |
| 2006-07 | കെ.എസ്.എ-പി.കെ.ഡി-12/528/22 തീയതി 22.11.22 അദാലത്ത് | 4 |
| 2007-08 | കെ.എസ്.എ-പി.കെ.ഡി-12/529/22 തീയതി 23.11.22 അദാലത്ത് | ഇല്ല |
| 2008-09 | കെ.എസ്.എ-പി.കെ.ഡി-12/499/22 തീയതി 22.11.22 അദാലത്ത് | ഇല്ല |
| 2009-10 & 2010-11 | കെ.എസ്.എ-പി.കെ.ഡി-12/499/22 തീയതി 23.11.22 അദാലത്ത് | 4 |
| 2011-12 | കെ.എസ്.എ-പി.കെ.ഡി-12/529/22 തീയതി 22.11.22 അദാലത്ത് | 5 |
| 2012-13 | കെ.എസ്.എ-പി.കെ.ഡി-12/355/22 (1) തീയതി 23.11.22 അദാലത്ത് | 1 |
| 2013-14 & 2014-15 | കെ.എസ്.എ-പി.കെ.ഡി-12/355/(2)22 തീയതി 23.11.22 അദാലത്ത് | 1 |
| 2015-16 | കെ.എസ്.എ-പി.കെ.ഡി-12/355/22 തീയതി 23.11.22 അദാലത്ത് | 4 |
| 2016-17 | കെ.എസ്.എ-പി.കെ.ഡി-12/356/22 തീയതി 23.11.22 അദാലത്ത് | ഇല്ല |
| 2017-18 | കെ.എസ്.എ-പി.കെ.ഡി-12/357/22 തീയതി 23.11.22 | 4 |

| | | |
|---|---|---|
| | അദാലത്ത് | |
| 2018-19 | കെ.എസ്.എ-പി.കെ.ഡി-12/358/22 തീയതി 23.11.22 അദാലത്ത് | 4 |
| 2019-20 | KSA.PKD12/1519/21 Dt. 28-01-2022 | പുനരഭിപ്രായം |
| 2020-21 | നമ്പർ: കെ.എസ്.എ.പി.കെ.ഡി. 12/1520/21 തീയ്യതി: 15/02/2022 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Sreekrishnapuram Grama Panchayat<br>BALANCE SHEET | | |
| | As on 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 25655128.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 610175.00 |
| 312000000 | Reserves | B-3 | 95771963.00 |
| | Total Reserve & Surplus | | 122037266.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10034773.00 |
| | Total Grants, Contributions for Specific Purposes | | 10034773.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 3436634.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 3436634.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 933017.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2261854.65 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3194871.65 |
| | TOTAL LIABILITIES | | 138703545.00 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 401512.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 652645.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 9906604.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 130805798.00 |
| 416000000 | Accumulated Depreciation | B-11(a) | -34587684.00 |
| | Total Fixed Assets | | 107178875.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1155618.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 1155618.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2410795.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 3436634.00 |
| 450000000 | Cash and Bank Balance | B-17 | 16862550.00 |
| 460000000 | Loans, Advances and Deposits | B-18 | 7659073.00 |
| 461000000 | Accumulated Provisions against | B-18(a) | 0.0 |

| | | | |
|---|---|---|---|
| | Loans,Advances and Deposits | | |
| | Total Current Assets, Loans and Advances | | 30369052.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | 0.0 | |
| | TOTAL ASSETS | | 138703545.00 |

| | | | |
|---|---|---|---|
| | Sreekrishnapuram Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5195690.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br>(BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 385995.00 |
| 140000000 | Fee & User Charges | I-4 | 525374.00 |
| 150000000 | Sale & Hire Charges | I-5 | 216641.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 176266477.00 |
| 170000000 | Income from Investments | I-7 | 155618.00 |
| 171000000 | Interest Earned | I-8 | 131786.00 |
| 180000000 | Other Income | I-9 | 1280.00 |
| 190000000 | Prior Period Income | I-19 | 24193.00 |
| | Total Income | | 182878861.00 |
| | EXPENDITURE | | |
| 210000000 | Establishment | I-10 | 11644070.00 |

| | | | |
|---|---|---|---|
| | Expenses | | |
| 220000000 | Administrative Expenses | I-11 | 968206.00 |
| 230000000 | Operations & Maintenance | I-12 | 2211385.00 |
| 240000000 | Interest & Finance Charges | I-13 | 1108.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7398328.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 23293092.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 24368690.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 0.0 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 72529352.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 39181164.00 |
| 260000000 | Grants, Contributions & | I-15 | 0.0 |

| | | | |
|---|---|---|---|
| | Compensation from Own Fund / Subsidies | | |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 9393573.00 |
| | Total Expenditure | | 190988968.00 |
| | Gross Surplus / Deficit of income over Expenditure | | 8110107.00 |
| | Gross Surplus / Deficit of income over Expenditure | | 8132145.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 2155.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 22038.00 |

| | | | |
|---|---|---|---|
| | Sreekrishnapuram Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 12921105.00 |
| Cash | Cash | RP-40(a) | 110832.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1631360.00 |
| 140000000 | Fees & User Charges | RP-4 | 304744.00 |
| 150000000 | Sale & Hire Charges | RP-5 | 203974.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 58340754.00 |
| 171000000 | Interest Earned | RP-9 | 131786.00 |
| 190000000 | Prior Period Income | RP-11 | 24188.00 |
| 230000000 | Operations & Maintenance | RP-14 | 0.0 |
| 311000000 | Earmarked Funds | RP-28 | 609503.00 |
| 312000000 | Reserves | RP-29 | 7605.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 16282055.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5006561.00 |
| 460000000 | Loans, Advances and Deposits | RP-49 | 1138983.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1280.00 |
| 340000000 | Deposits Received | RP-33 | 65494.00 |
| 350000000 | Other Liabilities | RP-35 | 988132.00 |
| | Grand total | | 97768356.00 |
| | PAYMENTS | | |

| | | | |
|---|---|---|---|
| | Operating | | |
| 210000000 | Establishment Expenses | RP-12 | 3035865.00 |
| 220000000 | Administrative Expenses | RP-13 | 128374.00 |
| 230000000 | Operations & Maintenance | RP-14 | 1326800.00 |
| 240000000 | Interest & Finance Charges | RP-15 | 241.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 8274309.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 14153642.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 22994180.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 1230991.00 |
| 412000000 | Capital Work In Progress | RP-39 | 996126.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 192081.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 332917.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1972360.00 |
| 460000000 | Loans, Advances and Deposits | RP-49 | 1922281.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 65900.00 |
| 350000000 | Other Liabilities | RP-35 | 24032417.00 |
| 413000000 | Annual Plan- Capital Expences (Productive Sector) | RP-40 | 247322.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 16759632.00 |
| Cash | Cash | RP-40(b) | 102918.00 |
| | Grand Total | | 97768356.00 |

ഡെപ്യൂട്ടി ഡയറക്ടർ